# അഞ്ചാമത് ഇന്ത്യ- യു എസ് തന്ത്രപ്രധാന ചര്ച്ച

ജൂലൈ 24, 2014

കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് അമേരിക്കന് സ്റ്റേറ്റ്

സെക്രട്ടറി ജോണ് കെറിക്ക് ന്യൂഡെല്ഹിയില് ജൂലൈ 30 മുതല് ഓഗസ്റ്റ് ഒന്ന് , 2004 വരെ ആതിഥ്യമരുളും . ജൂലൈ മുപ്പത്തി ഒന്നിന് നടക്കുവാന് പോകുന്ന ,അഞ്ചാമത് ഇന്ത്യാ- യു എസ് തന്ത്ര പ്രധാന ചര്ച്ചകളുടെ അധ്യക്ഷപദം കേന്ദ്ര വിദേശകാര്യമന്ത്രിയും സെക്രട്ടറി കെറിയും പങ്കു വയ്ക്കും.

പ്രധാനമന്ത്രി നരേന്ദ്ര മോഡി ഭരണം ഏറ്റെടുത്തതിനു ശേഷം സെക്രട്ടറി കെറിയുടെ ഇന്ത്യയിലേക്കുള്ള ആദ്യ സന്ദര്ശനമാണിത്. ഇന്ത്യയും യു എസും

തമ്മിലുള്ള ആദ്യ ക്യാബിനറ്റ് തല കൂടിക്കാഴ്ച ആയിരിക്കും ഇത് . സന്ദര്ശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡിയുമായി സെക്രട്ടറി കെറി കൂടിക്കാഴ്ച നടത്തുമെന്ന് പ്രതീക്ഷിക്കുന്നു . . സെക്രട്ടറി കെറി ബംഗളൂരു സന്ദര്ശിക്കുമെന്നു പ്രതീക്ഷിക്കുന്നു. ജൂലൈ മുപ്പത്തി ഒന്നിനും നടക്കുന്ന തന്ത്രപ്രധാന ചര്ച്ചക്ക് മുന്നോടിയായി മുംബൈ സന്ദര്ശിക്കുന്ന വ്യവസായ സെക്രട്ടറി പെനി പ്രിട്സ്കര് സെക്രട്ടറി കെറിയ്ക്കൊപ്പം ചേരും.

സെക്രട്ടറി കെറിയെ , കൊമേഴ്സ് സെക്രട്ടറി പ്രിട്ട്സ്കെര്, ഊര്ജ വകുപ്പ്

ഡെപ്യൂട്ടി സെക്രട്ടറി, ഡാനിയല് പോണ്മാന്, ഹോംലാന്ഡ് സെക്യൂരിറ്റി വകുപ്പ് അണ്ടര് സെക്രട്ടറി ഫ്രാന്സിസ് എക്സ് ടെയ്ലര് , സ്റ്റേറ്റ് കാലാവസ്ഥാ

മാറ്റ വകുപ്പ് പ്രത്യേക ദൂതന് ടോഡ്സ്റ്റെന് എന്നിവര്ക്ക് പുറമേ

വ്യവസായ വകുപ്പ്, ഊര്ജ വകുപ്പ്, ഹോംലാന്ഡ് സുരക്ഷ, സ്റ്റേറ്റ് ഡിപ്പാര്ട്ട്മെന്റ് എന്നിവിടങ്ങളില് നിന്നുമുള്ളവര് ഉള്പ്പെടുന്ന ഉന്നതതല ഇന്റര് ഏജന്സി പ്രതിനിധിസംഘം അനുഗമിക്കുന്നുണ്ട്.

മന്ത്രിതലത്തില് ഇന്ത്യയും യുഎസും തന്ത്രപ്രധാന ചര്ച്ചകള് ജൂലൈ 2009 നാണ് ആരംഭിച്ചത്. തന്ത്രപ്രധാന സഹകരണം, ഊര്ജം- കാലാവസ്ഥാ വ്യതിയാനം ,

വിദ്യാഭ്യാസം വികസനം, സാമ്പത്തികം ,വ്യാപാരം , കൃഷി , ശാസ്ത്ര സാങ്കേതികവിദ്യ , ആരോഗ്യം , പുതുമകള് എന്നിങ്ങനെ പരസ്പര

താത്പര്യത്തിന്റെ അഞ്ചു തൂണുകളെ കേന്ദ്രീകരിച്ചാണ് അത് ആരംഭിച്ചത്. വാഷിംഗ്ടണ് ഡിസി യില് ആണ് ആദ്യ തന്ത്രപ്രധാന ചര്ച്ച നടന്നത് , ജൂണ് 2010 ലായിരുന്നു അത് , അതെ തുടര്ന്ന് ന്യൂഡെല്ഹിയില് (ജൂലൈ 2011) ,വാഷിംഗ്ടണ് ഡിസിയില് ( ജൂണ് 20 12 ) ന്യൂഡെല്ഹി (ജൂണ് 2013 ) എന്നിങ്ങനെ വിജയകരമായി അത് നടന്നു.